പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3048 29-10-2026-ൽ മറുപടിയ്ക്ക്

സ്കൂളുകളിൽ പുതിയ പ്രീ പ്രൈമറി സെക്ഷൻ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. ടി. പി. അഷ്റഫലി	ശ്രീ. എൻ. ഷംസുദ്ദീൻ (പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

(എ) സർക്കാർ സ്കൂളുകളിൽ പുതിയ പ്രീ പ്രൈമറി സെക്ഷനുകൾ ആരംഭിക്കുന്നതിനുള്ള നിശ്ചിത മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

മറുപടി: 05.07.1988 ലെ G.O(Rt) No.2453/88/G.Edn ഉത്തരവ് പ്രകാരം സർക്കാർ വിദ്യാലയങ്ങളിൽ പി.ടി.എ യുടെ നിയന്ത്രണത്തിൽ പ്രീ പ്രൈമറി സെക്ഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് മാർഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. 07.12.2012 ലെ G.O (MS) No.385/2012/G.Edn ഉത്തരവ് പ്രകാരം 07.12.2012-ന് ശേഷം സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ പുതിയ പ്രീ പ്രൈമറി വിഭാഗങ്ങൾ ആരംഭിക്കുവാൻ പാടുള്ളതല്ല എന്നു നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) സർക്കാർ സ്കൂളുകളിൽ പുതിയ പ്രീ പ്രൈമറി സെക്ഷനുകൾക്ക് അംഗീകാരം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: ഇപ്പോൾ പരിഗണനയിലില്ല

(സി) സ്വകാര്യ സ്കൂളുകളുടെ കടന്നുകയറ്റം തടയുന്നതിനും കുട്ടികൾക്ക് സർക്കാർ സ്കൂളുകളിൽ പ്രീ പ്രൈമറി വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനുമായി, കുട്ടികളിൽനിന്ന് പ്രതിമാസ ഫീസ് ഈടാക്കിയും പി.ടി.എ. ഫണ്ട് വിനിയോഗിച്ചും സർക്കാർ എൽ.പി. സ്കൂളുകളിൽ പ്രീ പ്രൈമറി സെക്ഷനുകൾ നടത്തിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: പ്രീ പ്രൈമറി സെക്ഷനുകൾ നടന്നു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഫീസ് ഈടാക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) രക്ഷിതാക്കൾക്കും പി.ടി.എ. കമ്മിറ്റികൾക്കും ബാധ്യതയാകുന്ന രീതിയിൽ സർക്കാർ സ്കൂളുകളിൽ പ്രീ പ്രൈമറി സെക്ഷനുകൾ നടത്തേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി പുതിയ പ്രീ പ്രൈമറി സെക്ഷനുകൾക്ക് അംഗീകാരം നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

മറുപടി: ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ